## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2950** **21.08.2017 ൽ മറുപടിയ്ക്ക്**

**'ഓണത്തിന് ഒരു മുറം പച്ചക്കറി' ഓണത്തിന് വിളവെടുപ്പിന് കഴിയാത്ത സാഹചര്യം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

എ) ജനകീയ കൃഷി പ്രോത്സാഹിപ്പിക്കാൻ ആരംഭിച്ച 'ഓണത്തിന് ഒരു മുറം പച്ചക്കറി' ഓണത്തിന് ജനങ്ങളിലെത്തിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

ബി) ഇല്ലെങ്കിൽ പദ്ധതി ആസൂത്രണത്തിലെ പിഴവാണ് പച്ചക്കറിയുടെ വിളവെടുപ്പിന് കഴിയാത്ത സാഹചര്യം സൃഷ്ടിച്ചതെന്ന് കരുതുന്നുണ്ടോ;

എ) & ബി) കഴിയും. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ നൽകിയ വിത്തുകളും തൈകളും ഉപയോഗിച്ച് പച്ചക്കറി കൃഷി ചെയ്തതിൽ നിന്നും വിളവെടുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എം.എൽ.എ മാർ, ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ, മറ്റ് ജനപ്രതിനിധികൾ അകമഴിഞ്ഞ സഹകരണവും, നേതൃത്വവും, പരിശോധനയും ഉണ്ടായാൽ മാത്രമാണ് ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലേയ്ക്ക് നമുക്ക് എത്താൻ കഴിയൂ. ഈ പദ്ധതി ഓണക്കാലം മാത്രം ഉദ്ദേശിച്ചുള്ളതല്ല. വിഷരഹിതമായ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് എത്തുവാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമാണീ പദ്ധതിയും. ഓണത്തിനു ശേഷവും സ്ഥിരമായി ഈ പദ്ധതി തുടരേണ്ടതുണ്ട്.

സി) ജൂലൈ ആദ്യം പദ്ധതി ഉദ്ഘാടനം നിർവ്വഹിച്ചെങ്കിലും ജൂലൈ അവസാനത്തിലാണ് കർഷകർക്ക് വിത്ത് വിതക്കാനായതെന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

സി) ജൂൺ മാസം 5- ന് തൃശ്ശൂരിൽ വച്ച് ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചാണ് പദ്ധതി ഔപചാരികമായി ഉദ്ഘാടനം നടത്തിയത്. തൃശ്ശൂർ, എറണാകുളം, കോട്ടയം ജില്ലകളിൽ ജൂൺ ആദ്യവാരം തന്നെ വിത്ത് വിതരണം ആരംഭിക്കുകയും ജൂൺ രണ്ടാം വാരം വിത്ത് നടുകയും ചെയ്തു. മറ്റു ജില്ലകളിൽ ജൂലൈ ആദ്യ വാരം തന്നെ വിത്തു വിതരണവും നടീലും ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | ഏതൊക്കെ പച്ചക്കറി വിത്തുകളും പച്ചക്കറിതൈകളുമാണ് പദ്ധതി മുഖേന വിതരണം ചെയ്തത്; എത്ര ലക്ഷം കർഷകരെ പദ്ധതിയുടെ ഭാഗമാക്കാനാണ് ഉദ്ദേശിച്ചത്; വിശദാംശങ്ങൾ നൽകുമോ? | ഡി) | വെണ്ട, മുളക്, വഴുതന, ചീര, പയർ എന്നിവയടങ്ങുന്ന വിത്ത് പായ്ക്കറ്റുകളാണ് വിതരണം ചെയ്തത്. വെണ്ട, തക്കാളി, അമര, മുളക്, വഴുതന തുടങ്ങിയ ഇനം പച്ചക്കറികളുടെ തൈകളും വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 63 ലക്ഷം കുടുംബങ്ങളെ ഭാഗമാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും 45.45 ലക്ഷം പച്ചക്കറി തൈകളും വിതരണം നടത്തി. വിത്തു പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ യാണ് നൽകുന്നത്. വിവിധ മാധ്യമങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും 17 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളുടെ വിതരണം നടന്നിട്ടുണ്ട്. |

Maya P

**സെക്ഷൻ ഓഫീസർ**